**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1048** — **07-12-2022 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ തൊണ്ടി മുതൽ മോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2000 - 2004 കാലയളവിൽ പരുത്തിപ്പള്ളി റെയിഞ്ചിൽ നിന്നും ഒ. ആർ. കേസുകളിലെ തൊണ്ടി മുതൽ മോഷണം പോയതിന്റെ അന്വേഷണം 18-22 വർഷങ്ങൾ പിന്നിട്ടിട്ടും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**<br>**വിവിധ കേസുകളിലെ തൊണ്ടി മുതലുകൾ നഷ്ടപ്പെട്ടതു സംബന്ധിച്ച് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 27.09.2022-ന് പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരാതി നൽകിയിട്ടുണ്ട്.** |
| (ബി) | തൊണ്ടി മുതൽ മോഷണം പോയ പ്രസ്തുത കാലയളവിലെ , ഏതൊക്കെ തസ്തികകളിലെ എത്ര ജീവനക്കാർ സർവീസിൽ നിന്നും വിരമിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | **റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ -6**<br>**ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ-6**<br>**സെക്ഷൻ ഫോറസ്റ്റ് ഓഫീസർ -19**<br>**ബീറ്റ് ഫോറസ്റ്റ് ഓഫീസർ -27**<br>**റിസർവ്വ് ഫോറസ്റ്റ് വാച്ചർ -2**<br>**വാച്ചർ -1** |
| (സി) | പ്രസ്തുത ഒ. ആർ. കേസ്സുകളുടെ തൊണ്ടി മുതൽ മോഷണത്തിൽ അന്വേഷണം നടത്തിയ ജീവനക്കാരുടെ പേരും അന്വേഷണ കാലയളവും വ്യക്തമാക്കുമോ; | (സി) | **ശ്രീ.എം.വേണുഗോപാൽ-24.09.2010 മുതൽ 19.09.2012 വരെ**<br>**ശ്രീ.എം.ഉണ്ണികൃഷ്ണൻ - 19.09.2012 മുതൽ 24.10.2014 വരെ** |
| (ഡി) | പരുത്തിപ്പള്ളി റേഞ്ചിൽ നടന്ന തൊണ്ടി മുതൽ മോഷണത്തിന്റെ അന്വേഷണം പൂർത്തിയാക്കാൻ ഇനി എത്ര വർഷം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ? | (ഡി) | **ഫോറസ്റ്റ് വിജിലൻസ് വിഭാഗം ഈ വിഷയത്തിൽ 21.05.2019-ൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ടി റിപ്പോർട്ടിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) അധിക വിവരശേഖരണം ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ടി വിഷയത്തിൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 27.09.2022-ന് പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരാതിയും നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ